കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ദേലമ്പാടി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് (2016-17)

## ജില്ലാ ഓഡിറ്റ് കാര്യാലയം

## കാസറഗോഡ്

e-mail: doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം:കെ.എസ്.എ./കെ.എസ്.ഡി -7/755/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്-671123.
e-Mail : doksd.ksad@kerala.gov.in
Phone: 04994 256690.

തീയതി: 05.07.2017.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

ദേലമ്പാടി ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : ദേലമ്പാടി ഗ്രാമപഞ്ചായത്ത് -2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ദേലമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ വഴി)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ്.

3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ/കെ.എസ്.ഡി -7/755/2017 തീയതി:05.07.2017.

# കാസറഗോഡ് ജില്ലയിലെ ദേലമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

# ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

*****

കാസറഗോഡ് ജില്ലയിലെ ദേലമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 30.04.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒന്നിനും മറുപടി നൽകിയിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സി.രാജാരാമ, ഡെപ്യൂട്ടി ഡയറക്ടർ. |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.06.2017 മുതൽ 22.06.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ലോകേഷ ആചാരി.ബി, ഓഡിറ്റ് ഓഫീസർ |
| | വിനോദ് കുമാർ. വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | യാദവകുമാര.സി.എച്ച്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എ.മുസ്തഫ. | 01.04.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീമതി.ഗീത.പി. (അസിസ്റ്റന്റ് സെക്രട്ടറി ഇൻചാർജ് ) | 01.04.2016 മുതൽ 30.09.2016 വരെ |
| | ശ്രീ.ഹംസ.എം.എച്ച്.സി,ഇൻചാർജ് ഓഫ് സെക്രട്ടറി) | 01.10.2016മുതൽ 30.12.2016വരെ, |
| | ശ്രീ.സുരേന്ദ്രൻ.യു.കെ. | 31.12.2016 മുതൽ 05.02.2017 വരെ |
| | ശ്രീ.ഹംസ.എം.(എ.എസ്.ഇൻചാർജ് ഓഫ് സെക്രട്ടറി) | 06.02.2017 മുതൽ 09.03.2017 വരെ |
| | ശ്രീ.അനിൽ.കെ.എൻ. | 09.03.2017 മുതൽ 13.03.2017 വരെ |
| | ശ്രീ.ഹംസ.എം. (എ.എസ്. ഇൻചാർജ് ഓഫ് സെക്രട്ടറി) | 14.03.2017 മുതൽ 31.03.2017 വരെ |

<u>നിർവഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗം | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.രാഘവേന്ദ്ര.പി | 01.04.2016മുതൽ03.02.2017വരെ |
| | ശ്രീമതി.അതിഭ.പി.വി | 04.02.2017 മുതൽ 31.03.2017വരെ |
| ശ്രീമതി.അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ജി.ഉഷാർ കൃഷ്ണൻ | 01.04.2016 മുതൽ 04.12.2016വരെ |
| | ശ്രീ.എം.എൻ. വിശ്വനാഥൻ | 05.12.2016 മുതൽ 06.02.2017വരെ |
| | ശ്രീ.ഷാഹുൽ ഹമീദ് (കരാർഅടിസ്ഥാനത്തിൽ) | 07.02.2017 മുതൽ 31.03.2017വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.ചെനിയപ്പ നായ്ക്ക് (ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ്. എടപ്പറമ്പ) | 01.04.2016 മുതൽ 30.06.2016വരെ |
| | ശ്രീ.ശശികുമാരൻ നമ്പ്യാർ | 01.07.2016 മുതൽ 31.03.2017വരെ |
| വി.ഇ.ഒ. (അട്ടൂർ സർക്കിൾ) | ശ്രീ.അനീഷ് കുമാർ.ബി | 01.04.2016 മുതൽ 31.03.2017വരെ |

| | | |
|---|---|---|
| വി.ഇ.ഒ. (ദേലമ്പാടി സർക്കിൾ) | ശ്രീ.പ്രമോദ്.സി | 01.04.2016 മുതൽ 29.11.2016 വരെ |
| | ശ്രീ.ജിനേഷ്.എ | 30.11.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽഓഫീസ്സ്, ആയുർവേദം | ശ്രീ.ഡോ.മനേഷ്. പി.എസ് | 01.04.2016 മുതൽ 26.04.2016 വരെ |
| | ശ്രീ.ഡോ.ദിലീപ്.കെ | 27.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ഗീത.പി | 01.04.2016 മുതൽ 30.09.2016 വരെ |
| | ശ്രീ.ഹംസ.എം (എച്ച്.സി. ഇൻചാർജ് ഓഫ് അസി. സെക്രട്ടറി) | 01.10.2016 മുതൽ 06.02.2017 വരെ |
| | ശ്രീ.ഹംസ.എം. | 06.02.2017 മുതൽ 31.03.2017 വരെ |
| വെറ്റിനറി സ്രുജൻ | ശ്രീ.റാംമോഹനഷെട്ടി | 01.04.2016 മുതൽ 20.03.2017 വരെ |
| | ശ്രീമതി.നീതു ദിവാകരൻ | 21-03-2017 മുതൽ 31-03-2017വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ലിമിന.ടി. | 01.04.2016 മുട്ല 31.03.2017 വരെ |
| മെഡിക്കൽഓഫീസ്സ്, അലോപ്പതി | ശ്രീ.ഡോ.വിവേക് | 01.04.2016 മുട്ല 31.03.2017 വരെ |
| മെഡിക്കൽഓഫീസ്സ്, ഹോമിയോ | ശ്രീ.ഡോ.പ്രശാന്ത്.എസ്. | 01.04.2016 മുട്ല 31.03.2017 വരെ |

<u>ഉള്ളടക്കം</u>

| ക്രമ | | ഖണ്ഡിക |
|---|---|---|

| നം. | | നമ്പർ |
|---|---|---|
| ഭാഗം 1 - ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി അവലോകനം | 1-11 |
| ഭാഗം 2 - വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 12 | വസ്തു നികുതി- പിരിവ് കാര്യക്ഷമമല്ല | 2-1 |
| 13 | സഞ്ചയ സോഫ്റ്റ് വെയർ വിന്യാസം ഫലപ്രദമായില്ല | 2-2 |
| 14 | മൊബൈൽ ടവറുകളുടെ വസ്തു നികുതി പിരിച്ചെടുത്തിട്ടില്ല | 2-3 |
| 15 | ഷോപ്പിംഗ് കോംപ്ലക്സ്- വാടക കുടിശ്ശിക | 2-4 |
| 16 | ഇ- ടെണ്ടർ- ബിഡ് ഫീസ് പഞ്ചായത്തിന് ലഭിച്ചിട്ടില്ല | 2-5 |
| 17 | കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-6 |
| ഭാഗം 3-ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |

| | | |
|---|---|---|
| 18 | പരസ്യ ചാർജ്- ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല | 3-1 |
| 19 | തെരെഞ്ഞെടുപ്പ്- ജാമ്യത്തുക തിരികെ നൽകിയതിന്റെ രേഖകൾ ഇല്ല | 3-2 |
| 20 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 3-3 |
| 21 | തെരുവ് വിളക്ക്- സംയുക്ത പരിശോധന നടത്തിയിട്ടില്ല | 3-4 |
| 22 | വികലാംഗ പുനരധിവാസ ഫണ്ട്- ചെലവഴിച്ചിട്ടില്ല | 3-5 |
| 23 | ജലനിധി പദ്ധതി പൂർത്തിയായിട്ടില്ല | 3-6 |
| 24 | ശുചിത്വഫണ്ട്- ബാങ്ക് അക്കൗണ്ടുകളിൽ കെട്ടിക്കിടക്കുന്നു. | 3-7 |
| 25 | ശുചിത്വ കക്കൂസ് നിർമാണം- ഫണ്ട് ചെലവഴിച്ചിട്ടില്ല | 3-8 |
| 26 | തൊഴിലുറപ്പ്- വേതന വിതരണത്തിൽ കുടിശ്ശിക | 3-9 |
| 27 | മൃഗ സംരക്ഷണ മേഖലയിൽ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല | 3-10 |
| 28 | പാലിയേറ്റീവ് കെയർ- അപാകതകൾ | 3-11 |
| 29 | ഹോമിയോ മരുന്ന് ലഭിച്ചിട്ടില്ല | 3-12 |
| 30 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 3-13 |
| 31 | പൂരകപോഷകാഹര വിതരണം- അപാകതകൾ | 3-14 |
| 32 | ഭവന നിർമാണം- കരാർ വച്ചിട്ടില്ല | 3-15 |
| 33 | ആശ്രയ ഫണ്ട് വിനിയോഗത്തിൽ പുരോഗതിയില്ല | 3-16 |
| ഭാഗം 4- ഓഡിറ്റ് പ്രത്യവലോകനം | | |
| 34 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 35 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-2 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 37 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 38 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 39 | ഓഡിറ്റ് റിക്കവറി | 4-6 |
| 40 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 42 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-9 |


അനുബന്ധം

1. റസീറ്റ് & പേമെന്റ് അക്കൗണ്ട്.

2.ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ട്.

3. ബാലൻസ് ഷീറ്റ്.

4. ഓഡിറ്റ് സാക്ഷ്യപത്രം.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 29.02.2016 തിയതിയിലെ നം 07/16 തീരുമാനപ്രകാരം അംഗീകരിച്ചു.

| | |
|---|---|
| മുന്നിരിപ്പ് | 8,18,459 |

| | |
|---|---|
| പ്രതീക്ഷിത വരവ് | 15,98,60,700 |
| ആകെ | 16,06,79,159 |
| പ്രതീക്ഷിത ചെലവ് | 15,95,45,000 |
| നീക്കിയിരിപ്പ് | 11,34,159 |

ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ ഓഡിറ്റിൽ താരതമ്യം ചെയ്തിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 09.06.2017<br>(03.06.2017 ന് ഇ. സബ്മിഷൻ നടത്തിയിട്ടുണ്ട്.) | തിരിച്ചയച്ചിട്ടില്ല | ബാധകമല്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

2016-17 വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധന ഓഡിറ്റിന്റെ ഭാഗമായി 15.06.2017 ന് പരിശോധിച്ചു. പരിശോധനയിൽ കണ്ടെത്തിയ പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1)ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ട് പ്രകാരം വസ്തു നികുതിയിനത്തിൽ 2016-17 വർഷം 7,67,898 രൂപയുടെ വരുമാനം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വസ്തു നികുതിയുടെ സാക്ഷ്യപ്പെടുത്തിയ ഡിമാന്റ് വിവരങ്ങൾ പഞ്ചായത്തിൽ ഇല്ല. സഞ്ചയ സോഫ്റ്റ് വെയറിലും കൃത്യമായ ഡിമാന്റ് വിവരങ്ങൾ ഇല്ല. ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുമില്ല. ആയതിനാൽ വസ്തു നികതിയുടെ ഡിമാന്റ്, പിരിവിലെ കൃത്യത, ബാക്കി എന്നിവ സംബന്ധിച്ച് അഭിപ്രായം രേഖപ്പെടുത്താൻ സാധിച്ചിട്ടില്ല.
2).വസ്തു നികുതിയിനത്തിൽ വർഷാരംഭത്തിൽ 6,30,897 രൂപയും വർഷാവസാനം 1,59,946 രൂപയും കുടിശ്ശിക കാണിക്കുന്നുവെങ്കിലും കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഈയിനത്തിലെ കുടിശ്ശിക ഡിമാന്റ്, പിരിവ്, ബാക്കി എന്നിവ സംബന്ധിച്ച് അഭിപ്രായം രേഖപ്പെടുത്താൻ സാധിച്ചിട്ടില്ല.
3.)31.03.2017 ലെ ബാലൻസ് ഷീറ്റിൽ 320100115- centrally sponsored scheme- Total Sanitation Campaign എന്ന ഹെഡിൽ 11,69,850 രൂപ ബാധ്യത നീക്കിയിരിപ്പ് കാണിക്കുന്നുണ്ട്. എന്നാൽ ഈയിനത്തിലെ യഥാർത്ഥ നീക്കിയിരിപ്പ് ബാധ്യത 16,01,850 രൂപയാണ്.

2016-17 വർഷത്തെ വാർഷിക കണക്കുകളിന്മേലുള്ള ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,39,51,880 |
| വരവ് | 9,61,89,944 |
| ആകെ | 11,01,41,824 |
| ചെലവ് | 9,17,55,215 |
| നീക്കിയിരിപ്പ് | 1,83,86,609 |

തൊഴിലുറപ്പ് പദ്ധതിയിലെ ഇ.എഫ്.എം.എസ്. തുക- 2,18,85,000

പെൻഷൻ ഡി.ബി.ടി. തുക- 2,84,00,520

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 85,24,886 | 85,24,886 | 85,24,886 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 18,63,785 | 18,63,785 | 18,63,785 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 51,44,039 | 51,44,039 | 51,44,039 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 20,23,279 | 20,23,279 | 20,23,279 | 0 |
| പെർഫോമൻസ് ഗ്രാന്റ് (കേന്ദ്രം) | 0 | 3,98,968 | 3,98,968 | 3,98,968 | 0 |

| | | | | | |
|---|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ് (സംസ്ഥാനം) | 0 | 0 | 0 | 0 | 0 |
| സ്പെഷ്യൽ ഗ്രാന്റ് | 0 | 2,58,331 | 2,58,331 | 2,58,331 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 21,69,871 | 21,69,871 | 21,69,871 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 26,54,474 | 26,54,474 | 26,54,474 | 0 |
| തൊഴിലുറപ്പ് പദ്ധതി | 232 | 2,28,08,683 | 2,28,08,915 | 2,27,81,867 | 27,048 |
| ബി ഫണ്ട് | 0 | 2,91,43,560 | 2,91,43,560 | 2,91,43,560 | 0 |
| ജനറൽ പർപ്പസ് ഫണ്ട് | 1,21,56,399 | 76,10,688 | 1,97,67,087 | 64,14,337 | 1,33,52,750 |
| ജലനിധി | 15,42,564 | 64,30,410 | 79,72,974 | 42,90,880 | 36,82,094 |
| പൈക്ക | 0 | 1,13,586 | 1,13,586 | 0 | 1,13,586 |

തൊഴിലുറപ്പ് പദ്ധതിയിലെ ഇ. എഫ്. എം. എസ്. തുക- 2,18,85,000

പെൻഷൻ ഡി. ബി. ടി. തുക- 2,84,00,520

<u>ഫണ്ടുകളുടെ അലോട്ട്മെന്റ്, ചെലവ്, ചെലവ് ശതമാനം തുടങ്ങിയ വിവരങ്ങൾ</u>

| ഫണ്ട് | മുന്നിരിപ്പ് | 2016-17 ലെ അലോട്ട്മെന്റ് | മുന്നിരിപ്പും അലോട്ട്മെന്റും ഉൾപ്പെടെ ലഭ്യമായ തുക | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,44,09,287 | 1,44,09,287 | 85,24,886 | 59.16% |
| വികസനഫണ്ട് എസ്.സി.പി. | 0 | 48,79,872 | 48,79,872 | 18,63,785 | 38.19% |
| വികസനഫണ്ട് | 0 | 1,17,21,075 | 1,17,21,075 | 51,44,039 | 43.88% |

| | | | | | |
|---|---|---|---|---|---|
| ടി.എസ്.പി. | | | | | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 70,45,099 | 70,45,099 | 20,23,279 | 28.71% |
| പെർഫോമൻസ് ഗ്രാന്റ് (കേന്ദ്രം) | 0 | 31,23,701 | 31,23,701 | 3,98,968 | 12.77% |
| പെർഫോമൻസ് ഗ്രാന്റ് (സംസ്ഥാനം) | 0 | 11,12,241 | 11,12,241 | 0 | 0 |
| സ്പെഷ്യൽ ഗ്രാന്റ് | 0 | 2,58,331 | 2,58,331 | 2,58,331 | 100% |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 86,76,252 | 86,76,252 | 21,69,871 | 25% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 41,39,361 | 41,39,361 | 26,54,474 | 64.1% |
| ആകെ | | 5,53,65,219 | 5,53,65,219 | 2,30,37,633 | 41.61% |

വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവയുടെ വിനിയോഗത്തിൽ പഞ്ചായത്തിന് നേട്ടം കൈവരിക്കാനായിട്ടില്ല. ലഭ്യമായ തുകയുടെ 41.61% മാത്രമേ പഞ്ചായത്തിന് വിനിയോഗിക്കാൻ സാധിച്ചിട്ടുള്ളൂ. പെർഫോമൻസ് ഗ്രാന്റ് (സംസ്ഥാന വിഹിതം) ഒരു രൂപ പോലും പഞ്ചായത്ത് വിനിയോഗിച്ചിട്ടില്ല. പെർഫോമൻസ് ഗ്രാന്റ് (കേന്ദ്ര വിഹിതം), റോഡ് മെയിന്റനൻസ് ഫണ്ട് എന്നിവയുടെ വിനിയോഗവും തീരെ കുറവാണ്. ലഭ്യമായ തുകകൾ പൂർണമായും ചെലവഴിക്കാൻ ഭാവിയിൽ ശ്രമിക്കേണ്ടതാണ്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 210 | 8,35,36,586 | 98 | 2,61,38,816 | - | 112 | 46.66 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ - ഇല്ല

നടപ്പിലാക്കിയ പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | | നടപ്പിലാക്കിയ പ്രോജക്ടുകൾ | | ചെലവു ശതമാനം |
|---|---|---|---|---|---|---|
| | | എണ്ണം | തുക | എണ്ണം | തുക | |
| 1 | കൃഷി ഓഫീസർ | 4 | 21,16,667 | 4 | 10,59,700 | 50.06 |
| 2 | വെറ്ററിനറി സർജൻ | 8 | 45,43,800 | 2 | 2,48,181 | 5.46 |
| 3 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 3 | 7,47,245 | 3 | 6,00,836 | 80.40 |
| 4 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1,00,000 | 1 | 1,00,000 | 100 |
| 5 | മെഡിക്കൽ ഓഫീസർ, ആയുർവേദം | 1 | 50,000 | 1 | 50,000 | 100 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 11 | 25,75,000 | 10 | 20,20,000 | 78.44 |
| 7 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 5 | 44,35,000 | 4 | 34,17,039 | 77.04 |
| 8 | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 124 | 4,66,64,639 | 40 | 88,33,760 | 18.93 |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ | 8 | 43,85,735 | 8 | 38,18,079 | 87.05 |
| 10 | ഹെഡ് മാസ്റ്റർ | 9 | 40,91,000 | 3 | 12,62,576 | 30.86 |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | 35 | 1,38,27,500 | 22 | 47,28,645 | 34.19 |
| ആകെ | | 210 | 8,35,36,586 | 98 | 2,61,38,816 | 31.29 |

വികസന ഫണ്ടിന്റെ മേഖല തിരിച്ചുള്ള ചെലവ് വിവരം

| ഫണ്ട് | ഉത്പാദനം | സേവനം | പശ്ചാത്തലം | ആകെ |
|---|---|---|---|---|
| വികസനഫണ്ട്- പൊതുവിഭാഗം | 8,13,881 | 66,64,829 | 10,46,176 | 85,24,886 |
| വികസനഫണ്ട്- എസ്.സി.പി. | 0 | 14,39,730 | 4,24,055 | 18,63,785 |
| വികസനഫണ്ട്-ടി.എസ്.പി. | 39,000 | 33,31,600 | 17,73,439 | 51,44,039 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2,00,000 | 7,83,841 | 10,39,438 | 20,23,279 |
| പെർഫോമൻസ് ഗ്രാന്റ് (കേന്ദ്രം) | 0 | 0 | 3,98,968 | 3,98,968 |
| സ്പെഷ്യൽ ഗ്രാന്റ് | 0 | 93,879 | 1,64,452 | 2,58,331 |
| ആകെ | 10,52,881 | 1,23,13,879 | 48,46,528 | 1,82,13,288 |

## 1-7 തനത് വരുമാനം

മുൻവർഷത്തെ അപേക്ഷിച്ച് സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം നേരിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 15,38,159 | 17,49,333 | (+)2,11,174 |
| നികുതിയേതര വരവുകൾ | 7,11,320 | 5,34,991 | (-)1,76,329 |
| മറ്റുവരവുകൾ | 57,435 | 30,751 | (-)26,684 |
| ആകെ | 23,06,914 | 23,15,075 | (+)8,161 |

ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ഇനം | മുൻ വർഷം | തൻ വർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| വസ്തുനികുതി(കുടിശ്ശികപിരിവ്ഉൾപ്പെടെ) | 8,79,859 | 11,29,443 | (+)2,49,584 | |
| തൊഴിൽ നികുതി (വ്യാപാരികൾ, | 93,930 | 62,360 | (-)31,570 | |

| | | | | |
|---|---|---|---|---|
| സ്ഥാപനങ്ങൾ)<br>(കുടിശ്ശിക പിരിവ് ഉൾപ്പെടെ) | | | | |
| തൊഴിൽ നികുതി (ജീവനക്കാർ) | 5,64,370 | 5,57,530 | (-)6,840 | |
| ആകെ നികുതി വരവ് | 15,38,159 | 17,49,333 | (+)2,11,174 | (+)13.73 |
| ലൈസൻസ് ഫീസ് (കുടിശ്ശിക പിരിവ് ഉൾപ്പെടെ) | 29,800 | 10,490 | (-)19,310 | |
| വാടക വരവ് | 1,35,490 | 1,61,698 | (+)26,208 | |
| ഫീസുകൾ, ഫൈനുകൾ, യൂസർ ചാർജ്ജുകൾ | 1,65,420 | 193,343 | (+)27,923 | |
| ടെണ്ടർ ഫോറങ്ങളുടെയും മറ്റു ഫോറങ്ങളുടെയും വിറ്റു വരവ് | 3,21,100 | 1,68,810 | (-)1,52,290 | |
| വിനോദ നികുതി | 12,000 | - | (-)12,000 | |
| മറ്റു വരവുകൾ | 47,510 | 650 | (-)46,860 | |
| ആകെ നികുതിയേതര വരവ് | 7,11,320 | 5,34,991 | (-)1,76,329 | (-)24.78 |
| ബാങ്ക് അക്കൗണ്ടുകളിൽ ലഭിച്ച പലിശ | 57,435 | 30,751 | (-)26,684 | |
| ആകെ മറ്റു വരവുകൾ | 57,435 | 30,751 | (-)26,684 | (-)86.77 |
| ആകെ തനതു വരുമാനം | 23,06,914 | 23,15,075 | (+)8,161 | 0.35 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽ രഹിത വേതനം | 14 | 23,040 |
| കർഷക തൊഴിലാളി പെൻഷൻ | 79 | 8,19,570 |
| വിധവാ പെൻഷൻ | 963 | 1,12,40,980 |
| വാർദ്ധക്യകാല പെൻഷൻ | 1115 | 1,28,52,660 |
| വികലാംഗ പെൻഷൻ | 305 | 30,75,910 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 22 | 6,60,000 |
| 50 വയസ്സിൽ കൂടിയ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 48 | 4,11,400 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.06.2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,285/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.04.2017 | 03/2017 | ലഭിച്ചിട്ടില്ല | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.04.2012 മുതൽ 15.05.2012 വരെ | 2006-07 മുതൽ 2011-12 വരെ | 21.06.2012 | ഇല്ല |

## 1-11 മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതി അവലോകനം

മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ പഞ്ചായത്ത് നടത്തിയ പ്രവർത്തനങ്ങളുടെ അവലോകനം ചുവടെ ചേർക്കുന്നു.

| 1. ജോബ് കാർഡുകൾ | |
|---|---|
| ആകെ വിതരണം ചെയ്ത ജോബ് കാർഡുകൾ | 2,788 |
| ആകെ തൊഴിലാളികളുടെ എണ്ണം | 5,371 |
| സജീവമായ ജോബ് കാർഡുകളുടെ എണ്ണം | 1,664 |
| സജീവമായ തൊഴിലാളികളുടെ എണ്ണം | 2,016 |
| (i) സജീവമായ തൊഴിലാളികളിൽ പട്ടികജാതി തൊഴിലാളികളുടെ എണ്ണം[%] | 8.04 |

| | | | | | |
|---|---|---|---|---|---|
| (ii) സജീവമായ തൊഴിലാളികളിൽ പട്ടികവർഗ തൊഴിലാളികളുടെ എണ്ണം[%] | 6.2 | | | | |
| 2. പദ്ധതി നടത്തിപ്പിന്റെ പുരോഗതി | വർഷം 2017-2018 | വർഷം 2016-2017 | വർഷം 2015-2016 | വർഷം 2014-2015 | വർഷം 2013-2014 |
| ഇതു വരെ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | 2,494 | 63,434 | 80,348 | 63,737 | 75,580 |
| ഇതു വരെ സൃഷ്ടിച്ച തൊഴിൽ ദിനങ്ങളിൽ പട്ടികജാതിതൊഴിലാളികളുടെ ശതമാനം | 8.14 | 7.04 | 7.01 | 6.66 | 8.97 |
| ഇതു വരെ സൃഷ്ടിച്ച തൊഴിൽ ദിനങ്ങളിൽ പട്ടികജാതി തൊഴിലാളികളുടെ ശതമാനം | 10.1 | 4.95 | 4 | 2.14 | 1.28 |
| ഇതു വരെ സൃഷ്ടിച്ച തൊഴിൽ ദിനങ്ങളിൽ വനിതാ തൊഴിലാളികളുടെ ശതമാനം | 82.72 | 90.7 | 90.97 | 93.15 | 93.53 |
| ഒരു കുടുംബത്തിന് നൽകിയ ശരാശരി തൊഴിൽ ദിനങ്ങൾ | 12.35 | 47.95 | 64.85 | 54.66 | 68.71 |
| ശരാശരി വേതനം (പ്രതിദിനം ഒരാൾക്ക്) | 260.6 | 244.54 | 231.94 | 212 | 180 |
| 100 ദിനം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 0 | 91 | 401 | 209 | 350 |
| ജോലി ചെയ്ത കുടുംബങ്ങളുടെ എണ്ണം | 202 | 1,323 | 1,239 | 1,166 | 1,100 |

| | | | | | |
|---|---|---|---|---|---|
| ജോലി ചെയ്ത തൊഴിലാളികളുടെ എണ്ണം | 229 | 1,573 | 1,486 | 1,309 | 1,244 |
| ജോലി ചെയ്ത ഭിന്ന ശേഷിയുള്ളവർ | 0 | 0 | 0 | 0 | 0 |
| 3. പ്രവൃത്തികൾ | | | | | |
| ഏറ്റെടുത്ത പ്രവൃത്തികൾ (പുതിയത് + സ്പിൽ ഓവർ) | 160 | 605 | 608 | 455 | 463 |
| തുടർന്നു കൊണ്ടിരിക്കുന്ന പ്രവൃത്തികൾ | 105 | 136 | 194 | 0 | 7 |
| പൂർത്തിയായ പ്രവൃത്തികളുടെ എണ്ണം | 55 | 469 | 414 | 455 | 456 |
| കാറ്റഗറി ബി പ്രവൃത്തികളുടെ ശതമാനം | 62.5 | 24.96 | 29.44 | 0 | 0 |
| 4. സാമ്പത്തിക അവലോകനം | | | | | |
| ആകെ ചെലവ് (ലക്ഷത്തിൽ) | 8.15 | 218.85 | 147.2 | 186.35 | 100.33 |
| വേതനം (ലക്ഷത്തിൽ) | 6.5 | 207.09 | 142.67 | 177.59 | 90.89 |
| സാധന സാമഗ്രികൾ/ വിദഗ്ധ തൊഴിലാളികളുടെ വേതനം (ലക്ഷത്തിൽ) | 0.2 | 0.91 | 0.24 | 0 | 2.41 |
| സാധന സാമഗ്രികൾ (%) | 3.04 | 0.44 | 0.17 | 0 | 2.58 |
| ഭരണചെചലവ് (ലക്ഷത്തിൽ) | 1.45 | 10.85 | 4.29 | 8.75 | 7.03 |
| ഭരണച്ചെലവ്(%) | 17.77 | 4.96 | 2.91 | 4.7 | 7.01 |
| ഒരാൾക്ക് പ്രതിദിനം വരുന്ന ശരാശരി ചെലവ് | 456.53 | 263.08 | 237.58 | 225.73 | 192.52 |

| | | | | | |
|---|---|---|---|---|---|
| EFMS വഴി ചെയ്ത ചെലവിന്റെ ശതമാനം | 100 | 100 | 100 | 95.3 | 82.18 |
| 15 ദിവസങ്ങൾക്കുള്ളിൽ ജനറേറ്റ് ചെയ്ത പേമെന്റ് % | 96.74 | 56.56 | 7.16 | 6.93 | 24.07 |

*അവലംബം- തൊഴിലുറപ്പ് വെബ്സൈറ്റ്*

കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 2016-17 ൽ തൊഴിലുറപ്പ് പദ്ധതിയിൽ സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ട്. ഒരു കുടുംബത്തിന് നൽകിയ ശരാശരി തൊഴിൽ ദിനങ്ങളുടെ എണ്ണത്തിലും കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് ഗണ്യമായ കുറവാണ് വന്നിട്ടുള്ളത്. നൂറു ദിനം തൊഴിൽ ചെയ്ത കുടുംബങ്ങളുടെ എണ്ണത്തിലും വലിയ ഇടിവാണ് കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് കാണാനാവുന്നത്. തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിലെ കാര്യക്ഷമതയിൽ നിന്നുള്ള പിറകോട്ടുപോക്കായി ഇതിനെ വിലയിരുത്താവുന്നതാണ്. ഈ വിഷയത്തിലേക്ക് പഞ്ചായത്തിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി പിരിവ് കാര്യക്ഷമമല്ല

ഗ്രാമപഞ്ചായത്തിൽ 2016-17 വർഷത്തെ വാർഷികകണക്കു പ്രകാരം വസ്തുനികുതി ഇനത്തിൽ പിരിച്ചെടുക്കാനുള്ള തുകയും പിരിച്ചെടുത്ത തുകയും താഴെ കൊടുക്കുന്നു.

| ഇനം | പിരിച്ചെടുക്കാനുള്ള തുക | പിരിച്ചെടുത്ത തുക | പിരിവ് ശതമാനം |
|---|---|---|---|
| തൻവർഷം | 7,67,898 | 6,83,270/- | 89 |
| കുടിശ്ശിക | 6,30,897 | 4,46,173/- | 71 |

വസ്തുനികുതി പിരിച്ചെടുക്കാൻ ജീവനക്കാരെ വിന്യസിച്ചിട്ടും വസ്തുനികുതി കാര്യക്ഷമമായി പിരിച്ചെടുത്തിട്ടില്ല. വസ്തുനികുതി സമയബന്ധിതമായി പിരിച്ചെടുക്കുന്നതിനും കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 243 പ്രകാരം കുടിശ്ശിക തുക നഷ്ടപ്പെടാതിരിക്കാനും സ്വീകരിച്ച നടപടികളുടെ വിവരം വിശദമായ മറുപടിസഹിതം ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 2-2 സഞ്ചയ സോഫ്റ്റ് വെയർ വിന്യാസം ഫലപ്രദമായില്ല- വസ്തു നികുതിയുടെ കണക്കുകൾ അവ്യക്തം

പഞ്ചായത്തിൽ സഞ്ചയ സോഫ്റ്റ്‌വെയർ വിന്യസിച്ച് സാംഖ്യയുമായി ലിങ്ക് ചെയ്ത് ഉപയോഗിച്ചു വരുന്നുണ്ട്. പക്ഷേ വസ്തു നികുതിയുടെ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡിമാന്റ്, കളകഷ്ൻ, ബാലൻസ് വിവരങ്ങൾ പഞ്ചായത്തിന്റെ വാർഷിക കണക്കുകൾ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ,

ബാലൻസ് വിവരങ്ങളുമായി ഗണ്യമായി വ്യത്യാസപ്പെടുന്നുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വിവരങ്ങൾ | | | വാർഷിക കണക്കുകൾ പ്രകാരമുള്ള വിവരങ്ങൾ | | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ്/ വരുമാനം | പിരിവ് | ബാക്കി |
| വസ്തുനികുതി (കറന്റ്) | 9,39,908 | 5,30,451 | 4,09,457 | 7,67,898 | 6,83,270 | 84,628 |
| വസ്തുനികുതി (കുടിശ്ശിക) | 14,92,812 | 3,62,097 | 11,30,715 | 6,30,897 | 4,46,173 | 1,84,274 |

സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങളും വാർഷിക കണക്കിലെ വിവരങ്ങളും തമ്മിലുള്ള അന്തരം മേൽ പട്ടികയിൽ നിന്നും വ്യക്തമാണ്. പഞ്ചായത്തിൽ ഡിമാന്റ് രജിസ്റ്ററുകളും കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകളും എഴുതി സൂക്ഷിക്കുന്നില്ല. നിലവിലും നികുതികൾ കണക്കാക്കാൻ ഫീൽഡ് സ്റ്റാഫിന്റെ ഹാന്റ് ബുക്കുകളും പഴയ നികുതി രശീതുകളും ആശ്രയിക്കുന്നതായി കാണുന്നു. ആയതിനാൽ പഞ്ചായത്തിൽ സഞ്ചയ സോഫ്റ്റ്‌വെയർ വിന്യസിച്ചിട്ടും ആയതിന്റെ ഗുണഫലം ലഭിക്കുന്നില്ല എന്ന് വിലയിരുത്തുന്നു. ഈ വിഷയത്തിലേക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. അടിയന്തിരമായി ഐ.കെ.എം അധികാരികളുമായി ബന്ധപ്പെട്ട് സോഫ്റ്റ്‌വെയർ വിന്യാസത്തിലെ പോരായ്മകൾ പരിഹരിക്കേണ്ടതും വസ്തു നികുതിയുടെ കണക്കുകൾ കൃത്യമായും കാലികമായും സോഫ്റ്റ്‌വെയറിൽ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്.

## 2-3 മൊബൈൽ ടവറുകളുടെ വസ്തുനികുതി പിരിച്ചെടുത്തിട്ടില്ല.

ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്രമീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ എസ്.ആർ.ഒ.നമ്പർ 36/2011 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. ഈ നിരക്കുകൾ 2011ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വന്നതാണ്.

ദേലംപാടി ഗ്രാമപഞ്ചായത്തിന്റെ 27.12.2011ലെ തീരുമാനം നമ്പർ 4 പ്രകാരം മൊബൈൽ ടവറുകളുടെ വസ്തുനികുതി, ചതുരശ്രമീറ്ററിന് 500/-രൂപയായി നിർണ്ണയിക്കുകയും, 2013-2014 സാമ്പത്തികവർഷം മുതൽ പുതുക്കിയ നിരക്കിൽ നികുതി ഈടാക്കുന്നതിന് തീരുമാനിക്കുകയുമുണ്ടായി. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 2 മൊബൈൽ ടവറുകളുടെ വസ്തു നികുതി 2012-13 മുതൽ 2016-17 വർഷം വരെ പിരിച്ചെടുത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 2012-13 മുതൽ പഴയ നിരക്കിലുള്ള നികുതിയും 2013-14 മുതൽ പരിഷ്കരിച്ച നിരക്കിലുള്ള നികുതിയും പിരിച്ചെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 3/21.06.2017)

| ക്രമ നമ്പർ | ഓപ്പറേറ്റർ/ ഉടമ/നിർമ്മാതാവ്/ ലൈസൻസി | കെട്ടിട നമ്പർ | വിസ്തീർണ്ണം @ $m^2$ | വസ്തുനികുതി കുടിശ്ശിക |
|---|---|---|---|---|
| 1 | ഇൻഡസ് ടവർ | IV /92 | 14.$m^2$ | 2012-13 മുതൽ 2016-17 വരെ |

| | | | | |
|---|---|---|---|---|
| 2 | W.T.T ഇൻഫ്രാ ടവർ | XI /236 | 15. $m^2$ | 2013-14 മുതൽ 2016-17 വരെ |

## 2-4 ഷോപ്പിംഗ് കോംപ്ലക്സ് മുറിയുടെ വാടക ഈടാക്കിയിട്ടില്ല.

2016-17 സാമ്പത്തിക വർഷത്തിൽ ദേലംപാടി ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് മുറിയുടെ വാടക താഴെ പറയുന്ന വാടകക്കാരിൽ നിന്നും ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെചേർക്കുന്നു.

| ക്രമ നമ്പർ | പേര് / കെട്ടിട നമ്പർ | മാസ വാടക | ഒടുക്കാൻ ബാക്കിയുള്ള കാലയളവ് | ഒടുക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| 1 | എച്ച്. കൃഷ്ണൻ XI / 199 | 695/- | 4/ 2016 മുതൽ 31-03-2017 വരെ | 8,343/- |

ഷോപ്പിംഗ് കോംപ്ലക്സ് വാടക ഇനത്തിൽ ഈടാക്കാൻ ബാക്കിയുള്ള 8,343/- രൂപ, ഉത്തരവാദിയായവരിൽ നിന്നും പലിശ സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ( ഓഡിറ്റ് എൻക്വയറി നമ്പർ 3/21.06.2017 )

## 2-5 ഇ. ടെണ്ടർ - ബിഡ് സമർപ്പണ ഫീസ് പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

2015-16 വർഷത്തിൽ ഇ. ടെണ്ടർ നടത്തിയ പ്രവൃത്തികളിൽ, ടെണ്ടർ സമർപ്പിച്ച കരാറുകാർ ഓൺലൈൻ ആയി അടച്ച ബിഡ് സമർപ്പണ ഫീസ് നാളിതു വരെ പഞ്ചായത്തിന് ലഭിച്ചതായി കണ്ടില്ല. 2016-17ൽ നടത്തിയ ഇ. ടെണ്ടർ സംബന്ധിച്ച ചുവടെ ചേർത്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്, ഒരു ടെണ്ടർ സമർപ്പിക്കുന്നതിനുള്ള ഫീസ് | പങ്കെടുത്ത കരാറുകാരുടെ എണ്ണം | പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന ഫീസ് |
|---|---|---|---|
| 1 | ചാക്കോട്ട പുതിയമ്പലം റോഡ് വികസനം. 1,160/- | 2 | 2,320/- |
| 2 | ദാസട്ടുക ബള്ളക്കാന റോഡ് വികസനം. 1,370/- | 2 | 2,740/- |
| 3 | പള്ളങ്കോട് നെയ്യാറ റോഡ്- റീ ടാറിംഗ്. 1,050/- | 2 | 2,100/- |
| 4 | സംങ്കക്കടവ് പള്ളി ഇടപറമ്പ റോഡ് വികസനം. 2,100/- | 2 | 4,200/- |

| | | | |
|---|---|---|---|
| 5 | ഹിദായത്നഗർ- കല്ലക്കട്ട റോഡ് വികസനം. 2,630/- | 1 | 2,630/- |
| 6 | ബാലനടുക്ക അംഗനവാടി വികസനം. 2,630/- | 2 | 5,260/- |
| 7 | കല്ലക്കട്ട - ഊജംപാടിറോഡ് ടാറിംഗ്. 2,000/- രൂപ | 2 | 4,000/- |
| 8 | ഏവഞ്ചൂർ മണ്ണങ്കടവ്റോഡ് 1,260/- രൂപ | 1 | 1,260/- |
| 9 | കടുമനടുക്കം എസ്.ടി. കോളനി നടപ്പാത നിർമാണം. 1,790/- രൂപ | 5 | 8,950/- |
| 10 | ബളവന്തടുക്ക-ചള്ളത്തിങ്കാൽ റോഡ് സോളിംഗ്. 1,050/-രൂപ | 1 | 1,050/- |
| 11 | ബളവന്തടുക്ക- ചള്ളത്തിങ്കാൽ റോഡ് വികസനം. 1,050/-രൂപ | 1 | 1,050/- |
| 12 | ബളക്കില പഞ്ജല റോഡ് വികസനം. 1,790/- | 3 | 5,370/- |
| | ആകെ | | 40,930/- |

മേൽ തുക പഞ്ചായത്തിന് ലഭ്യമാക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. പഞ്ചായത്തിന് ലഭിക്കാനുള്ള തുക ലഭ്യമാക്കുവാൻ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ. 3/21.06.2017).

## 2-6 കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ദേലംപാടി ഗ്രാമ പഞ്ചായത്ത് പ്രദേശത്തിൽ താമസിക്കുന്ന താഴെ വിവരിച്ച പി.ഡബ്ല്യു.ഡി. കോൺട്രാക്ടർമാരിൽ നിന്നു തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1) എ.കെ. മുഹമ്മദ് ഹാജി,

പി.ഡബ്ല്യു.ഡി. കോൺട്രാക്ടർ,

പള്ളങ്കോട് വീട്, അഡൂർ.

2) ശിഹാബുദ്ദീൻ.ടി.

പി.ഡബ്ല്യു. ഡി . കോൺട്രാക്ടർ,

കാട്ടിപ്പാറ, പള്ളഞ്ചി വീട്

പാണ്ടി, അഡൂർ.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പരസ്യ ചാർജ്- ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല

പദ്ധതി രൂപീകരണ നിർവ്വഹണ ചെലവ് -പദ്ധതി നം.124/17

ജി.ഒ.(ആർ.ടി.)288/2014/പി.&എ.ആർ.ഡി. 10-09-2014 പ്രകാരം, വിവിധ ദിനപത്രങ്ങളുടെ പരസ്യനിരക്ക് എഡിഷൻ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ഉത്തരവിൽ, സർക്കാർ സ്ഥാപനങ്ങൾ പരസ്യങ്ങൾ പി.&എ.ആർ.ഡി. വകുപ്പ് മുഖേന നല്കിയാലും നേരിട്ട് നല്കിയാലും 15% ഡിസ്കൗണ്ട് അനുവദിക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ താഴെ കൊടുത്തിരിക്കുന്ന പത്ര പരസ്യങ്ങൾക്ക് ബിൽ തുക നല്കിയപ്പോൾ തുകയിൽ 15% കുറവ് ലഭിച്ചിട്ടില്ല.

| ക്രമ നം | പത്രത്തിന്റെ പേര് | ബിൽ നമ്പർ / തിയതി | നിരക്ക് | നീളം/ വീതി | വൗചർ നമ്പർ/ തിയതി | നൽകിയ തുക/ചെക്ക് നമ്പർ | നൽ കേണ്ട തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|
| 1 | ദേശാഭിമാനി | KNR-2017025229/ 01.02.2017 | 160/- | 5.00x 2.00 | 21600881/08.03.2017 | 6,400/- 7285038/08.03.2017 | 5,440/- | 960 |
| 2 | ദേശാഭിമാനി | KNR-2017030918/ 01.02.2017 | 160/- | 7.00x 8.00 | 21600931/27.03.2017 | 14,080/- 653364/27.03.2017 | 11,968/- | 2,112 |
| 3 | ദേശാഭിമാനി | KNR-2017030438/ 02.03.2017 | 160/- | 0.10x0.2 | 21600932/27.03.2017 | 12,800/- 653365/02.03.2017 | 10,880/- | 1,950 |
| 4 | ദേശാഭിമാനി | KNR-2017026890/ 11.02.2017 | 160/- | 5x2 | 21600933/27.03.2017 | 6,400/- 653366/27.03.2017 | 5,440/- | 960 |
| 5 | കാരവൽ | /2085/20.10.2016 | 110 | 20x6 | 21600541/07.11.2016 | 1,080/- 8689/07.11.2016 | 918/- | 162 |
| 6 | Express Publication | 627923/koz /01.12.2016 | 150/- | 8x3 | 21600641/20.12.2016 | 3,600/-7285021 /20.12.2016 | 3,060/- | 540 |
| 7 | Express Publication | 652221/ko2/ 02.02.2017 | 150/- | 08x04 | 21600880/08.03.2017 | 4800/-7285039 /28.02.2017 | 4,080/- | 720 |
| 8 | ദേശാഭിമാനി | KNR-2016126297/ 01.12.2016 | 110 | 11.00x 8.00 | 21600642/20.12.2016 | 6,400/-7285022 /20.12.2016 | 5440/- | 960 |
| | | | | | | | ആകെ | **8364** |

മേൽവിവരിച്ച പ്രകാരം ആകെ 8,364/- രൂപ അധികം നൽകിയിട്ടുണ്ട്. പത്രപരസ്യങ്ങൾക്ക് ബിൽ തുക നല്കിയപ്പോൾ മേൽ ഉത്തരവുകൾ പ്രകാരമുള്ള 15% ഇളവ് ക്ലെയിം ചെയ്യാതെ ബിൽ തുക മുഴവൻ നല്കിയതിന് ഓഡിറ്റ് എൻക്വയറി നം.3/21.06.2017 പ്രകാരം വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. അധികം നൽകിയ തുക തിരിച്ചുപിടിച്ച് വിശദവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 2015-16 വർഷത്തെ ഗ്രാമപഞ്ചായത്ത് തെരെഞ്ഞെടുപ്പ് - വിവിധ വാർഡുകളിൽ മത്സരിച്ച സ്ഥാനാർത്ഥികൾക്ക് ജാമ്യത്തുക തിരികെ നൽകിയിട്ടില്ല.

2015 ഗ്രാമപഞ്ചായത്ത് തെരെഞ്ഞെടുപ്പിൽ ദേലംമ്പാടി ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ മത്സരിച്ച സ്ഥാനാർത്ഥികളിൽ 1/6 ൽ കൂടുതൽ വോട്ടുകൾ നേടിയ സ്ഥാനാർത്ഥികൾക്ക് അവരുടെ ജാമ്യത്തുക തിരികെ നൽകുന്നതിനായി വിവിധ വൗച്ചറുകൾ പ്രകാരം തുകകൾ പിൻവലിച്ചിട്ടുണ്ട്. (തീരുമാനം നം.11/2016 തിയതി..08.01.2016) ഇതിൽ താഴെപ്പറയുന്ന വൗച്ചറുകൾ പ്രകാരം പിൻവലിച്ച തുകകൾ അതാത് സ്ഥാനാർത്ഥികൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/ തിയതി | സ്ഥാനാർത്ഥിയുടെ പേര് | ജാമ്യതുക | ചെക്ക് നമ്പർ/ തിയതി |
|---|---|---|---|---|
| 1 | 21600277/03.08.2016 | മഹാബല റൈ | 1,000/- | 7953/03.08.2016 |
| 2 | 21600279/03.08.2016 | ജയരാമ.കെ | 1,000/- | 7955/03.08.2016 |
| 3 | 21600280/03.08.2016 | നാരായണ നായ്ക് | 1,000/- | 7956/03.08.2016 |
| 4 | 21600282/03.08.2016 | ബരത | 1,000/- | 7958/03.08.2016 |
| 5 | 21600281/03.08.2016 | സദാനന്ദ | 1,000/- | 7957/03.08.2016 |
| 6 | 21600283/03.08.2016 | മുഹമ്മദ് | 1,000/- | 7959/03.08.2016 |
| 7 | 21600284/03.08.2016 | ഫൗസിയ | 1,000/- | 7960/03.08.2016 |
| 8 | 21600285/03.08.2016 | അബൂബക്കർ | 1,000/- | 7961/03.08.2016 |
| 9 | 21600290/03.08.2016 | ഷബീർ | 1,000/- | 7965/03.08.2016 |
| 10 | 21600292/03.08.2016 | യൂസഫ് | 1,000/- | 7966/03.08.2016 |
| 11 | 21600293/03.08.2016 | ലളിത | 1,000/- | 7962/03.08.2016 |
| 12 | 21600296/03.08.2016 | മുഹമ്മദ് സുഹിബ് | 1,000/- | 7970/03.08.2016 |
| 13 | 21600299/03.08.2016 | കിശോർകുമാർ | 1,000/- | 7983/03.08.2016 |
| 14 | 21600300/03.08.2016 | ചന്ദ്രാവതി | 1,000/- | 7984/03.08.2016 |
| 15 | 21600301/03.08.2016 | അബ്ദുള്ള | 1,000/- | 7985/03.08.2016 |

| | | | | |
|---|---|---|---|---|
| 16 | 21600302/03.08.2016 | പ്രേമ | 1,000/- | 7986/03.08.2016 |
| | | ആകെ | 16,000 | |

തുകകൾ വിതരണം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നം.03/21.06.2017 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവ് തുക 16,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2016-17 സാമ്പത്തിക വർഷം വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഗ്രാമ പഞ്ചായത്ത് വിഹിതമായി 13,80,450/- രൂപ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മറ്റു സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ കൈമാറിയ തുകകളുടെ വിനിയോഗം കാണിക്കുന്ന ധന വിനിയോഗ സാക്ഷ്യപത്രം നാളിതുവരെയായിട്ടും ബന്ധപ്പെട്ടസ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് സാധിച്ചിട്ടില്ല. ആയതിനാൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇക്കാര്യം പരിശോധിച്ച് ചുവടെ ചേർത്ത പ്രകാരം ചെലവഴിച്ച തുകകളുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ.നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതിയുടെ വിശദാംശം | ബിൽ.നം/ തിയതി | തുക | തുക നൽകിയതിന്റെ വിശദാംശം |
|---|---|---|---|---|---|
| 1 | സെക്രട്ടറി | പ്രൊ.നം.216/17 സമ്പൂർണ വൈദ്യുതീകരണം<br>പഞ്ചായത്ത് വിഹിതം | 11/2016.17<br>27-02-2017 | 13,00,000/- | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ. ഇലക്ട്രിക്കൽ സെക്ഷൻ<br>ഉദുമ,കാസറഗോഡ് |
| 2 | സെക്രട്ടറി | പ്രൊ.നം.017/16/17<br>മുഴുവത്ത്മൂല അംഗൻവാടി കുടിവെള്ള പദ്ധതി | ബിൽ.നം.<br>26/ 16-17<br>31-03-2017 | 80,450/- | ജില്ലാ ഓഫീസർ, ഭൂജല വകുപ്പ്,<br>കാസറഗോഡ് |
| | | | ആകെ | 13,80,450/- | |

## 3-4 തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല.

2016-17 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ സ്ഥാപിച്ചിട്ടുള്ള തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 66,312/-രൂപ കെ.എസ്.ഇ.ബി. യിൽ ഒടുക്കിയിട്ടുണ്ട്. തെരുവ് വിളക്കുകളുടെ എണ്ണം, ആയതിന് കെ.എസ്.ഇ.ബി. യിൽ പ്രതിമാസം ഒടുക്കുന്ന തുക എന്നിവ കാണിക്കുന്ന ഒരു രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ട്. ആകെ തുക മാത്രം രേഖപ്പെടുത്തി പ്രതിമാസം കെ.എസ്.ഇ.ബി. നൽകിവരുന്ന ബില്ലിന്റെ അടിസ്ഥാനത്തിലാണ് ഗ്രാമപഞ്ചായത്ത് തുക ഒടുക്കുന്നത്. തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുകയോ കെ.എസ്.ഇ.ബി.യും, ഗ്രാമപഞ്ചായത്തും സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ

പ്രവർത്തനം വിലയിരുത്തുകയോ ചെയ്തിട്ടില്ല. ഏതെല്ലാം ഇനത്തിൽ പെട്ട വിളക്കുകൾക്കാണ് പഞ്ചായത്ത് ഇതേവരെ വൈദ്യുതിചാർജ്ജ് ഒടുക്കിവരുന്നത് എന്ന വിവരം പഞ്ചായത്തിലെ തെരുവു വിളക്കുകളുടെ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. തെരുവു വിളക്കുകൾക്ക് അറ്റകുറ്റ പണികൾ നടത്തുന്നതിന്റെ കൃത്യമായ വിവരം രേഖപ്പെടുത്തുന്നില്ല. സ്ഥാപിച്ചിട്ടുള്ള എല്ലാ തെരുവു വിളക്കുകളും ഇപ്പോഴും കത്തുന്നുണ്ടോ എന്നും കത്തുന്ന വിളക്കുകൾക്ക് തന്നെയാണ് വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതെന്നും നിലവിൽ പഞ്ചായത്തിലെ സൂക്ഷിക്കുന്ന രജിസ്റ്ററിൽ നിന്നോ രേഖകളിൽ നിന്നോ കൃത്യമായ വിവരം ലഭിക്കുന്നില്ല. ആയതിനാൽ പഞ്ചായത്തധികൃതർ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതും, കൃത്യമായ പരിശോധനകൾ നടത്തി, ഇതു പ്രകാരമുള്ള വിവരങ്ങൾ ഉൾപ്പെടുത്തി തെരുവ് വിളക്ക് രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-5 ദേശീയ വികലാംഗ പുനരധിവാസ പദ്ധതി- ഫണ്ട് ചെലവഴിച്ചിട്ടില്ല

31.03.2017 ലെ ബാലൻസ് ഷീറ്റിൽ 320300199- contributions for specific purposes- other Govt.Agencies എന്ന ഹെഡിൽ 18 ലക്ഷം രൂപ നീക്കിയിരിപ്പ് കാണുന്നു. ദേശീയ വികലാംഗ പുനരധിവാസ പദ്ധതിയിൽ വൈകല്യ സൗഹൃദ ഭവനം എന്ന പദ്ധതിക്കായി കാസറഗോഡ് ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയാണ് ഇത്. ഇതിൽ 6 ലക്ഷം രൂപ 2015-16 ലും 12 ലക്ഷം രൂപ 2016-17 ലുമാണ് ലഭിച്ചത്. ഗുണഭോക്താക്കളെ 2015-16 ൽ തന്നെ തെരെഞ്ഞെടുത്തതാണ്. കൃത്യ സമയത്തു തന്നെ ഫണ്ടും ലഭിച്ചിട്ടുള്ള ഈ പ്രോജക്റ്റ് നടപ്പിലാക്കാതെ നീട്ടി വയ്ക്കുന്നത് ശരിയല്ല. പ്രത്യേക പരിഗണന ലഭിക്കേണ്ട വിഭാഗത്തിനായുള്ള ഈ പദ്ധതി ഇനിയും കാലതാമസം വരുത്താതെ നടപ്പിലാക്കാൻ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

## 3-6 ജലനിധി പദ്ധതി പൂർത്തിയായിട്ടില്ല

ജലനിധി രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി പഞ്ചായത്തിൽ 2013 മുതൽ കേരള റൂറൽ വാട്ടർ സപ്ലൈ & സാനിറ്റേഷൻ ഏജൻസിയുടെ (KRWSSA) നേതൃത്വത്തിൽ ജലനിധി പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഇതിനായി KRWSSA യും പഞ്ചായത്തും തമ്മിൽ 21.03.2013 ന് A1/DPD/KGD/13 നമ്പരിൽ A1 മാതൃകയിലുള്ള കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കരാർ പ്രകാരം 2 വ്രഷത്തിനുള്ളിൽ ജലനിധി പദ്ധതി പൂർത്തീകരിച്ച് KRWSSA എക്സിറ്റ് ചെയ്യുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ 20.03.2015 നകം പദ്ധതി പൂർത്തിയാക്കി KRWSSA എക്സിറ്റ് ചെയ്യേണ്ടിയിരുന്നു. എന്നാൽ കാലാവധി കഴിഞ്ഞ് 2 വർഷത്തിലേറെയായിട്ടും ഈ പദ്ധതി പൂർത്തീകരിക്കാൻ KRWSSA ക്ക് കഴിഞ്ഞിട്ടില്ല. KRWSSAക്ക് പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടുമില്ല.

പഞ്ചായത്തിലെ ആകെ 1,022 കുടുംബങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള 14 ചെറുകിട പദ്ധതികളാണ് ജലനിധിയിൽ ഉൾപ്പെടുത്തി പഞ്ചായത്തിൽ നടപ്പിലാക്കേണ്ടിയിരുന്നത്. ഇതിൽ ഒരു പദ്ധതി ജലസ്രോതസ്സ് ലഭ്യമല്ലാത്തതിനാൽ ഉപേക്ഷിക്കപ്പെട്ടു. 12 പദ്ധതികൾ പൂർത്തിയായി എന്നും ഒരു പദ്ധതി പൂർത്തീകരണ ഘട്ടത്തിൽ ആണ് എന്നും ഓഡിറ്റിന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അടൂർ ജലവിതരണ പദ്ധതിയാണ് പൂർത്തിയാക്കാൻ ബാക്കിയുള്ളത്. ഈ പദ്ധതിയിൽ 273 ജനറൽ കുടുംബങ്ങളും 93 പട്ടികജാതി/പട്ടികവർഗ കുടുംബങ്ങളും അടക്കം 366 കുടുംബങ്ങളെയാണ് ഉൾപ്പെടുത്തിക്കാണുന്നത്. ഈ പദ്ധതിക്കായി പുഴയോരത്ത് നിർമിച്ച കിണർ ഉറവ ഇല്ലാത്തതിനാലും പുഴ നിരപ്പിൽ നിന്ന് ഉയർന്ന സ്ഥലത്ത് നിർമിച്ചതിനാൽ പുഴയിലെ വെള്ളം കയറാത്തതിനാലും ഉപയോഗ ശൂന്യമായതിനാൽ ഈ പദ്ധതിക്കായി 1.41 കോടി രൂപ ചെലവഴിച്ചിട്ടും പദ്ധതി നാളിതു വരെ ഫലപ്രാപ്തിയെത്തിയിട്ടില്ല. ഈ പദ്ധതിക്കായി പകരം സ്രോതസ്സിനായി 3 മീറ്റർ വ്യാസവും 6 മീറ്റർ ആഴവുമുള്ള ഒരു കിണർ കൂടി കുഴിച്ചിട്ടുണ്ടെന്നാണ് അന്വേഷണത്തിൽ മനസ്സിലാവുന്നത്. എന്നാൽ

ഈ കിണറിലും ഇക്കഴിഞ്ഞ വേനലിൽ വെള്ളം ലഭിച്ചിരുന്നില്ല എന്ന വിവരം കൂടി അന്വേഷണത്തിൽ ലഭിച്ചിട്ടുണ്ട്. വേനലിൽ ഒരു തുള്ളി വെള്ളം പോലും ലഭിക്കാത്ത സ്രോതസ്സ് വച്ച് 366 കുടുംബങ്ങളുടെ ആവശ്യം എങ്ങനെ നിവർത്തിക്കും എന്ന് വ്യക്തമല്ല. ആയതിനാൽ പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു. നിലവിൽ നിർമിച്ചിരിക്കുന്ന സ്രോതസ്സ് വച്ച് പദ്ധതി പൂർത്തിയായതായി കാണിച്ച് KRWSSA ക്ക് എക്സിറ്റ് അനുവദിച്ചാൽ ഈ പദ്ധതിക്കായി ആകെ ചലവ് ചെയ്ത 1.41 കോടി രൂപയും പാഴായിപ്പോവാൻ സാധ്യതയുള്ള കാര്യം കമ്മിറ്റിയുടെ ശ്രദ്ധയിൽ പെടുത്തുകയാണ്.

## 3-7 സമ്പൂർണ ശുചിത്വ യജ്ഞം- ബാങ്ക് അക്കൗണ്ടുകളിൽ ഭീമമായ നീക്കിയിരിപ്പ് തുക

സമ്പൂർണ ശുചിത്വ യജ്ഞത്തിന്റെ ഭാഗമായി ആരംഭിച്ച ബാങ്ക് അക്കൗണ്ടുകളിൽ 31.01.2017 ൽ ഭീമമായ നീക്കിയിരിപ്പുള്ളതായി കാണുന്നു. പഞ്ചായത്തിന്റെ കണക്കുകൾ പ്രകാരം പൂർണമായും ചെലവഴിച്ചു കഴിഞ്ഞതായി രേഖപ്പെടുത്തിയിട്ടുള്ള ഈ തുകകൾ ബാങ്ക് അക്കൗണ്ടുകളിൽ ചെലവഴിക്കപ്പെടാതെ കിടക്കുകയാണ്. വിശദ വിവരങ്ങൾ ചുവടെ-

| അക്കൗണ്ടുകളുടെ വിശദ വിവരങ്ങൾ | അക്കൗണ്ട് ആരുടെ പേരിൽ | 31.03.2017 ലെ നീക്കിയിരിപ്പ് തുക | വിശദ വിവരങ്ങൾ |
|---|---|---|---|
| അടൂർ സർവീസ് സഹകരണ ബാങ്ക്, അക്കൗണ്ട് നം. 4191 | ദേലമ്പാടി ഗ്രാമപഞ്ചായത്ത് | 6,06,582 | 31.03.2014 ന ശേഷം ഈ അക്കൗണ്ടിൽ പലിശ അല്ലാതെ മറ്റു ഇടപാടുകൾ ഇല്ല. |
| അടൂർ സർവീസ് സഹകരണ ബാങ്ക്, അക്കൗണ്ട് നം. 4295 | പ്രസിഡണ്ട് & വി.ഇ.ഒ, ദേലമ്പാടി ഗ്രാമപഞ്ചായത്ത് | 5,173 | അവസാന ഇടപാട് നടന്നത് 10.05.2016 ന്. |
| | ആകെ | 6,11,755 | |

ഈ നീക്കിയിരിപ്പ് തുകകൾ ഇനിയും പഞ്ചായത്തിന്റെ കണക്കിൽ പെടുത്താതെ സൂക്ഷിക്കുന്നത് ശരിയല്ല. ഈ നീക്കിയിരിപ്പ് തുകകൾ ഉടൻ പഞ്ചായത്തിന്റെ കണക്കിൽ ഉൾപ്പെടുത്തേണ്ടതും സമ്പൂർണ ശുചിത്വ യജ്ഞത്തിന്റെ അധികാരികളുമായി ബന്ധപ്പെട്ട് ഈ തുകകളുടെ വിനിയോഗം, തിരിച്ചടവ് തുടങ്ങിയ കാര്യങ്ങളിൽ ക്രമീകരണം നടത്തേണ്ടതുമാണ്.

## 3-8 ശുചിത്വ കക്കൂസ് നിർമാണം (2015-16)- സമ്പൂർണ ശുചിത്വ യജ്ഞത്തിൽ നിന്ന് ലഭിച്ച തുകയിൽ 16.01 ലക്ഷം ചെലവഴിച്ചിട്ടില്ല

2015-16 ലെ പ്രോജക്ടായ (നം. 60/15) ശുചിത്വ കക്കൂസ് നിർമാണം നടപ്പിലാക്കാൻ സമ്പൂർണ ശുചിത്വ യജ്ഞത്തിൽ നിന്ന് 02.06.2015 ന് 18,84,000 രൂപ ലഭിച്ചിരുന്നു. ഈ തുക പഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ച് വി.ഇ.ഒ. മുഖാന്തിരം ചെലവു നടത്തിയിട്ടുണ്ട്. സമ്പൂർണ ശുചിത്വ യജ്ഞത്തിന്റെ ഭാഗമായി മഴക്കാല പൂർവ ശുചീകരണത്തിന് ലഭിച്ച 1,60,000 രൂപയും പൈപ്പ് കമ്പോസ്റ്റിന് ലഭിച്ച 1,49,850 രൂപയുമടക്കം ലഭ്യമായ 21,93,850 രൂപയിൽ 31.03.2017 വരെ 5,92,000 രൂപ മാത്രമാണ് വി.ഇ.ഒ. മുഖാന്തിരം ചെലവഴിച്ചിട്ടുള്ളത്. ബാക്കി 16,01,850 രൂപ പഞ്ചായത്തിന്റെ

തനതു ഫണ്ട് അക്കൗണ്ടിൽ ഉണ്ട്.

എന്നാൽ, 31.03.2017 ലെ ബാലൻസ് ഷീറ്റിൽ 320100115-Total Sanitation Campaign എന്ന ബാധ്യതാ ഹെഡിൽ 11,69,850 രൂപ മാത്രമാണ് നീക്കിയിരിപ്പ് കാണിച്ചിട്ടുള്ളത്. കണക്കുകൾ പ്രകാരം 31.03.2017 ന് 4,32,000 രൂപ ടി.എസ്.സി. ഫണ്ടിൽ നിന്നും വൗച്ചർ നം. 41600227 പ്രകാരം ചെലവായി കാണിച്ചിട്ടുണ്ട്. എന്നാൽ ഇങ്ങനെയൊരു ചെലവ് പഞ്ചായത്ത് നടത്തിയതായി കാണുന്നില്ല. അതു കൊണ്ടാണ് പഞ്ചായത്തിന്റെ കണക്കിൽ നീക്കിയിരിപ്പ് കുറഞ്ഞു കാണുന്നത്. ഇത് പരിശോധിച്ച് വാർഷിക ധനകാര്യ പത്രികയിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തേണ്ടതാണ്.

കൂടാതെ, ഒരു പ്രത്യേക ഉദ്ദേശത്തിനായി മറ്റൊരു ഏജൻസിയിൽ നിന്നും പഞ്ചായത്തിന് ലഭിച്ച പണം അതേ ആവശ്യത്തിനായി സമയ ബന്ധിതമായി ചെലവഴിക്കാതെ തനതു ആവശ്യങ്ങൾക്കായി ചെലവഴിക്കുന്ന രീതി ശരിയല്ല. ആയതിനാൽ സമ്പൂർണ ശുചിത്വ യജ്ഞവുമായി ബന്ധപ്പെട്ട് ഈ നീക്കിയിരിപ്പ് തുകയുടെ വിനിയോഗം, തിരിച്ചടവ് തുടങ്ങിയ കാര്യങ്ങളിൽ ക്രമീകരണം നടത്തേണ്ടതാണ്.

## 3-9 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- വേതന വിതരണത്തിൽ കുടിശ്ശിക-89.71 ലക്ഷം രൂപ

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വേതന വിതരണത്തിൽ വലിയ കുടിശ്ശിക കാണുന്നു. ഓഡിറ്റ് ചെയ്ത തിയതി വരെ 226 പ്രവൃത്തികളിലായി 89.71 ലക്ഷം രൂപ തൊഴിലാളികൾക്ക് വിതരണം ചെയ്യാൻ ബാക്കിയുണ്ട്. 2016 ഒക്ടോബർ 1 മുതൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്ത പ്രവൃത്തികളുടെ വേതന വിതരണമാണ് കുടിശ്ശികയായിട്ടുള്ളത്. 2005 ലെ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിയമത്തിലെ വകുപ്പ് 3 പ്രകാരം മസ്റ്റർ റോൾ ക്ലോസ് ചെയ്ത് 15 ദിവസങ്ങൾക്കകം തൊഴിലാളികൾക്ക് വേതനം വിതരണം ചെയ്തിരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിയമത്തിലെ രണ്ടാം ഷെഡ്യൂളിലെ ഖണ്ഡിക 29 അനുസരിച്ച് കേന്ദ്ര സർക്കാർ തയ്യാറാക്കിയ delay compensation system പ്രകാരം മസ്റ്റർ റോൾ ക്ലോസ് ചെയ്ത് 16 ദിവസം മുതൽ പ്രതിദിനം 0.05% നിരക്കിൽ നഷ്ടപരിഹാരം നൽകാൻ കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കും പദ്ധതി നടപ്പിലാക്കുന്ന ഏജൻസികൾക്കും ബാധ്യതയുണ്ട്. പഞ്ചായത്തിൽ നിന്നും പ്രവൃത്തികൾ സംബന്ധിച്ച എല്ലാ കാര്യങ്ങളും കൃത്യ സമയത്തു ചെയ്തിട്ടുണ്ട്. എന്നിട്ടും തൊഴിലാളികൾക്കുള്ള വേതനം മാസങ്ങളായി തടസ്സപ്പെട്ടിരിക്കുകയാണ്. ഈ വിഷയം അടിയന്തിരമായി സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന്റെയും ശ്രദ്ധയിൽ കൊണ്ടു വന്ന് തൊഴിലാളികൾക്കുള്ള വേതനം ഉടൻ ലഭ്യമാക്കാൻ ശ്രമിക്കേണ്ടതാണ്. മാസങ്ങളായി വേതനം ലഭിക്കാത്തതിനാൽ പഞ്ചായത്തിൽ 2017-18 വർഷം തൊഴിലെടുക്കുവാൻ തൊഴിലാളികൾ തയ്യാറാവാത്തതു കാരണം മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തടസ്സപ്പെട്ടിരിക്കുകയാണ്. ആയതിനാൽ ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-10 മൃഗ സംരക്ഷണ മേഖലയിൽ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല

2016-17 സാമ്പത്തിക വർഷത്തിൽ മൃഗ സംരക്ഷണ മേഖലയിൽ പഞ്ചായത്തിന്റെ 8 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. മൊത്തം അടങ്കൽ 45,43,800 രൂപ. എന്നാൽ 2 പ്രോജക്ടുൾ മാത്രമേ നിർവഹണ ഉദ്യോഗസ്ഥൻ നടപ്പിലാക്കിയിട്ടുള്ളൂ. അടങ്കൽ തുകയുടെ 5.46%, അതായത് 2,48,181 രൂപയുടെ ചെലവ് ആർജിക്കാൻ മാത്രമേ പഞ്ചായത്തിന് സാധിച്ചിട്ടുള്ളൂ. വനിതകൾക്കുള്ള പശു

വിതരണം, ആട് വിതരണം,മുട്ടക്കോഴി വിതരണം എന്നീ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല. അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കാത്ത ഗുരുതരമായ വീഴ്ച ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

(ഓഡിറ്റ് അന്വേഷണം നം. 1/ തീയതി 21-06-2017)

## 3-11 പാലിയേറ്റീവ് കെയർ പ്രോജക്ട് - അപാകതകൾ

1) പാലിയേറ്റീവ് കെയർ പ്രോജക്ട് ആവശ്യത്തിനു 17-06-2014 തീയതിയിൽ വാങ്ങിയ KL.14.N.3333 നമ്പർ വാഹനത്തിന്റെ ഇന്ധന ക്ഷമതാ പരിശോധന നാളിതുവരെ നടത്തിയതായി കാണുന്നില്ല. 16-06-2017 വരെ വാഹനം 23,324 കി.മി സഞ്ചരിച്ചിട്ടുണ്ട്. ഇന്ധന ക്ഷമതാ പരിശോധന നടത്തി റിപ്പോർട്ട് ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

2) വാഹനത്തിന്റെ അറ്റകുറ്റപ്പണികൾക്കായി മെഡിക്കൽ ഓഫീസർ താഴെ കാണിച്ച പ്രകാരം 28,592 രൂപ ചെലവ് ചെയ്തിട്ടുണ്ട്. എന്നാൽ ഈ റിപ്പയറുകളുടെ ആവശ്യകത കാണിക്കുന്ന Essentiality Certificate ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. കൂടാതെ, റിപ്പയർ റജിസ്റ്റർ സൂക്ഷിച്ചിട്ടുമില്ല. ആയതിനാൽ 28,592 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ബിൽ നം/തീയതി | തുക | വിശദീകരണം |
|---|---|---|
| 1/2016-17 /19-08-2016 | 9,264 | പാലിയേറ്റിവ് കെയർ വാഹനത്തിന്റെ സർവ്വീസ്, സ്പേർസ് തുകയായി Eram Motors, എന്ന സ്ഥാപനത്തിനു നൽകിയത് |
| 2/2016-17 /18-10-2016 | 5,500 | 2 ടയറുകളുടെ retreading charge, Swamy Tyres നു നൽകിയത്. |
| 6/2016-17 /29-03-2017 | 13,828 | പാലിയേറ്റിവ് കെയർ വാഹനത്തിന്റെ സർവ്വീസ്, സ്പേർസ് തുകയായി Eram Motors, എന്ന സ്ഥാപനത്തിനു നൽകിയത് |
| ആകെ | 28,592 | |

## 3-12 ഗവ.ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ ബിൽ നം.1/2016-17 തീയതി 23-03-2017 പ്രകാരം 1,00,000 രൂപ ട്രഷറിയിൽനിന്നും പിൻവലിച്ച് മരുന്നിന്റെ വിലയായി കേരള സംസ്ഥാന ഹോമിയോപ്പതിക്ക് ഫാർമ്മസിക്ക് നൽകിയിട്ടുണ്ട്. എന്നാൽ ആശുപത്രിക്ക് ഓഡിറ്റ് തീയതിവരെ മരുന്ന് ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കാത്തതിന്റെ കാരണം അന്വേഷിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/ തീയതി-21-06-2017) മറുപടി നൽകിയിട്ടില്ല. മരുന്നുകൾ യഥാസമയം ലഭിച്ചില്ലെങ്കിൽ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കാതെ വരും. ആയതിനാൽ മരുന്നുകൾ ഉടനടി കൈപ്പറ്റാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-13 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| നിർവഹണ | ബിൽ | തുക | വിശദീകരണം |
|---|---|---|---|

| | | | |
|---|---|---|---|
| ഉദ്യോഗസ്ഥൻ | നം/തീയതി | | |
| വി.ഇ.ഒ. | 16/2016-17 /27-02-2017 | 40,000 | പി.എം.എ.വൈക്ക് വേണ്ടി കാറടുക്ക ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയത് (പ്രോജക്ട് നം.228/17) |
| അസിസ്റ്റന്റ് സെക്രട്ടറി | 17/16-17 /27-02-2017 | 40,000 | ഐ.എ.വൈ.വിഹിതം കാറടുക്ക ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയത് (പ്രോജക്ട് നം.140/17) |
| ടി | 19/16-17 /27-02-2017 | 5,00,000 | ഐ.എ.വൈ.വിഹിതം കാറടുക്ക ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയത് (പ്രോജക്ട് നം.230/17) |
| ടി | 20/16-17 /27-02-2017 | 2,92,500 | ഐ.എ.വൈ.വിഹിതം കാറടുക്ക ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയത് (പ്രോജക്ട് നം.141/17) |
| ടി | 23/16-17 /27-02-2017 | 3,75,000 | ഐ.എ.വൈ.വിഹിതം കാറടുക്ക ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയത് (പ്രോജക്ട് നം.229/17) |
| | ആകെ | 12,47,500 | |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 12,47,500 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് അന്വേഷണം നം. 5/ തീയതി 21-06-2017),

(ഓഡിറ്റ് അന്വേഷണം നം. 7/ തീയതി 21-06-2017)

## 3-14 അനുപൂരക പോഷകാഹാരം പ്രോജക്ട്- വണ്ടിവാടക നൽകിയത് - ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല

അനുപൂരക പോഷകാഹാരം പ്രോജക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഐ.സി. ഡി.എസ്. സൂപ്പർവൈസർ പഞ്ചായത്തിന്റെ 25 അങ്കൺവാടികൾക്ക് ഭക്ഷ്യധാന്യം വിതരണം നടത്തിയതിന്റെ വണ്ടിവാടകയായി ഒരു കിലോ ഗ്രാമിനു 4.50 രൂപ പ്രകാരം നൽകിയിട്ടുണ്ട്. വണ്ടി വാടക നിശ്ചയിച്ചതിനുള്ള ക്വട്ടേഷൻ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ക്വട്ടേഷൻ ക്ഷണിക്കാതെ

തുക നിശ്ചയിച്ച് നൽകിയത് കാരണം 1,27,171 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

വിശദ വിവരങ്ങൾ താഴെ നൽകുന്നു.

| ബിൽ/ചെക്ക് നം./ തീയതി | തുക | വിശദീകരണം |
|---|---|---|
| 0672995/ 17-06-2016 | 31,636 | വണ്ടി വാടക ഇ.രാജേന്ദ്രൻ ഡ്രൈവർക്ക് നൽകിയത് (KL 14. Q. 6166) |
| 0672999/ 10-08-2016 | 27,045 | -ടി- |
| 1/2016-17 /25-10-2016 | 14,535 | -ടി- |
| 4/2016-17 /26-12-2016 | 18,135 | -ടി- |
| 5/2016-/02-03-2017 | 31,050 | -ടി- |
| 9/2016-17 /31-03-2017 | 4,770 | -ടി- |
| ആകെ | 1,27,171 | |

(ഓഡിറ്റ് അന്വേഷണം നം. 5/ തീയതി. 21-06-2017)

## 3-15 ഭവന നിർമ്മാണ പദ്ധതിയുടെ ഗുണഭോക്താക്കൾ കരാർ ഉടമ്പടി വച്ചിട്ടില്ല

ഭവന നിർമ്മാണ പദ്ധതിയുടെ താഴെ സൂചിപ്പിച്ച ഗുണഭോക്താക്കൾ അവരുടെ ഭവനം 12 വർഷംവരെ കൈമാറ്റം ചെയ്യുകയോ അന്യാധീനപ്പെടുത്തുകയോ ചെയ്യുകയില്ല എന്ന കരാർ ഉടമ്പടി വച്ചിട്ടില്ല. കരാർ ഉടമ്പടി വെക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1. ശ്രീമതി ജാനകി,പഞ്ചിക്കൽ (ആശ്രയ--ജനറൽ)

2. ശ്രീ.ഷരീഫ,പള്ളങ്കോട് ( -ടി- )

3. ശ്രീമതി ഉമ്മാലിമ്മ,പുതിയകണ്ടം ( -ടി- )

4. ശ്രീമതി ലക്ഷ്മി ,ബളവന്തടുക്ക ( ഭവനം,പട്ടികവർഗ്ഗം)

5. ശ്രീമതി അമ്മിണി ( -ടി- )

(ഓഡിറ്റ് അന്വേഷണം നം.8 / തീയതി. 21-06-2017),

(ഓഡിറ്റ് അന്വേഷണം നം.9 / തീയതി. 21-06-2017),

## 3-16 ആശ്രയ പദ്ധതി- ഫണ്ട് ചെലവ് ചെയ്യുന്നതിൽ പുരോഗതിയില്ല

ആശ്രയ പദ്ധതിയുടെ 2016-17ലെ വരവ് ചെലവ് കണക്ക് താഴെ നൽകുന്നു.

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഒന്നാം ഘട്ടം | | | | | |
| ഭൂമി | 3,00,000 | 0 | 3,00,000 | 0 | 3,00,000 |
| ഭവനം | 6,56,047 | 0 | 6,56,047 | 1,25,000 | 5,31,047 |
| രണ്ടാം ഘട്ടം | | | | | |
| പട്ടികജാതി- ഭൂമി | 1,50,000 | 0 | 1,50,000 | 0 | 1,50,000 |
| പട്ടികജാതി- ഭവനം | 8,29,581 | 20,419 | 8,50,000 | 5,80,000 | 2,70,000 |
| പട്ടികവർഗ്ഗം -ഭൂമി | 3,00,000 | 0 | 3,00,000 | 0 | 3,00,000 |
| പട്ടികവർഗ്ഗം-ഭവനം | 24,08,000 | 0 | 24,08,000 | 3,08,000 | 21,00,000 |
| പൊതു വിഭാഗം- ഭവനം | 5,25,000 | 9,30,000 | 14,55,000 | 9,90,057 | 4,64,943 |
| ആകെ | 51,68,628 | 9,50,419 | 61,19,047 | 20,03,057 | 41,15,990 |

മൊത്തം 41,15,990 രൂപ ചെലവ് ചെയ്യാതെ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നു. ഈ തുക എത്രയും വേഗം ചെലവഴിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതംനൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാപഞ്ചായത്ത്, കാസറഗോഡ് | 2,10,000 | നെൽക്കൃഷി കൂലിച്ചെലവ് | 2,10,000 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത്, കാറഡുക്ക | 1,50,000 | പാലിയേറ്റീവ് കെയർ | 1,50,000 | ഇല്ല |
| | 50,000 | ശാരീരിക മാനസിക വെല്ലു വിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 50,000 | ഇല്ല |
| എൻ.പി.ആർ. പി. ഡി. കാസറഗോഡ് | 12,00,000 | വൈകല്യ സൗഹൃദ ഭവനം | ഇല്ല | 12,00,000 (മുന്നിരിപ്പ് അടക്കം 18 ലക്ഷം) |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| പ്രവൃത്തിയുടെ പേര്, പ്രോജക്ട് നമ്പർ | തുക ഒടുക്കിയ സ്ഥാപനങ്ങൾ | തുക | വിനിയോഗിച്ച തുക |
|---|---|---|---|
| പി.എം.എ.വൈ. പ്രോജക്ട് നമ്പർ 228/17 | സെക്രട്ടറി, കാറഡുക്ക ബ്ളോക്ക്പഞ്ചായത്ത് | 4,00,000 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| സമ്പൂർണ്ണ വൈദ്യുതീകരണം പ്രോജക്ട് നമ്പർ-SO.216/17 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ്എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ ഉദുമ, കാസറഗോഡ് | 13,00,000 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| ഐ.എ.വൈ. പ്രോജക്ട് നമ്പർ 140/17 | സെക്രട്ടറി, കാറഡുക്ക ബ്ളോക്ക് പഞ്ചായത്ത് | 40,000 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| ഐ.എ.വൈ. പ്രോജക്ട് നമ്പർ 230/17 | സെക്രട്ടറി, കാറഡുക്ക ബ്ളോക്ക് പഞ്ചായത്ത് | 5,00,000 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| ഐ.എ.വൈ. പ്രോജക്ട് നമ്പർ 141/17 | സെക്രട്ടറി, കാറഡുക്ക ബ്ളോക്ക് പഞ്ചായത്ത് | 2,92,500 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| ഐ.എ.വൈ. പ്രോജക്ട് നമ്പർ 229/17 | സെക്രട്ടറി, കാറഡുക്ക ബ്ളോക്ക് പഞ്ചായത്ത് | 3,75,000 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| മുഉവത്ത്മൂല അംഗൻവാടി കുടിവെള്ളപദ്ധതി പ്രോജക്ട് നമ്പർ 017/16/17 | ജില്ലാ ഓഫീസർ, കേരള ഭൂജല വകുപ്പ്, കാസറഗോഡ് | | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| | ആകെ | 29,07,500, | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,61,89,944 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,17,55,215 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 27,99,713 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 16,000 | ശ്രീമതി.ഗീത.പി, അസിസ്റ്റന്റ് സെക്രട്ടറി (ഇൻ ചാർജ് ഓഫ് സെക്രട്ടറി) |
| 3-3 | 13,80,450 | ശ്രീ.ഹംസ.എം.(എ.എസ്. ഇൻ ചാർജ് ഓഫ് സെക്രട്ടറി) |
| 3-11 | 28,592 | ശ്രീ.ഡോ.വിവേക്, മെഡിക്കൽ ഓഫീസർ, അലോപ്പതി |
| 3-13 | 12,47,500 | ശ്രീ.ഹംസ.എം.(എ.എസ്. ഇൻ ചാർജ് ഓഫ് സെക്രട്ടറി) |
| 3-14 | 1,27,171 | ശ്രീമതി.ലിമിന.ടി.(ഐ.സി.ഡി.എസ്. സൂപ്പർവൈസർ) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ
ഇല്ല.

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1987-88,88-89 | എൽ.എഫ്.സി 7-621/93 തിയതി.12-04-94 | 14 |
| 1989-90,90-91 | എൽ.എഫ്.കെ.എസ്.ഡി.1-253/96തിയതി 06-09-96 | 12 |
| 1991-92 to 1993-94 | എൽ.എഫ്.കെ.എസ്.ഡി.5-342/00 /തിയതി.01-07-02 | 15 |
| 1994-95, 95-96 plan | എൽ.എഫ്.കെ.എസ്.ഡി4-356/05.തിയതി. 03-03-06 | 4 |
| 1997-1998 | എൽ.എഫ്.കെ.എസ്.ഡി.5-11/03തിയതി.30-05-03 | 17 |
| 1998-1999 | എൽ.എഫ്.കെ.എസ്.ഡി.5-431/03തിയതി.30-04-05 | 12 |
| 1999-2000 plan | എൽ.എഫ്.കെ.എസ്.ഡി.5-626/03തിയതി.01-10-05 | 6 |
| 1999-2000 final | എൽ.എഫ്.കെ.എസ്.ഡി.5-555/05തിയതി.14-07-07 | 11 |
| 2000-2001 plan | എൽ.എഫ്.കെ.എസ്.ഡി.5-627/03തിയതി.01-10-05 | 4 |
| 2001-2002 plan | എൽ.എഫ്.കെ.എസ്.ഡി.5-628/03തിയതി.11-10-05 | 2 |
| 1996-1997 Exp | എൽ.എഫ്.കെ.എസ്.ഡി.5-560/98തിയതി.15-01-12 | 1 |
| 2001-2002 final | എൽ.എഫ്.കെ.എസ്.ഡി.4-992/08തിയതി.02-04-09 | 4 |
| 2000-2001 final | എൽ.എഫ്.കെ.എസ്.ഡി.4-993/08തിയതി.13-05-10 | 3 |
| 2002-2003 | എൽ.എഫ്.കെ.എസ്.ഡി.4-983/08തിയതി.26-06-09 | 6 |
| 2003- 2004 | എൽ.എഫ്.കെ.എസ്.ഡി.4-213/09തിയതി.11.5.10 | 17 |
| 2004- 2005 | എൽ.എഫ്.കെ.എസ്.ഡി.3-137/11തിയതി.20-11-11 | 5 |
| 2005-2006 | എൽ.എഫ്.കെ.എസ്.ഡി.3-249/11തിയതി.20-10-11 | 13 |
| 2006-2007 | എൽ.എഫ്.കെ.എസ്.ഡി.3-210/11തിയതി.20-10-11 | 6 |
| 2007-2008 | എൽ.എഫ്.കെ.എസ്.ഡി.4-923/11തിയതി.29-09-12 | 7 |

| | | |
|---|---|---|
| 2008-2009 | എൽ.എഫ്.കെ.എസ്.ഡി.4-705/12തിയതി.06-05-13 | 11 |
| 2009-2010 | എൽ.എഫ്.കെ.എസ്.ഡി.4-705/12തിയതി.06-05-13 | |
| 2010-2011 | എൽ.എഫ്.കെ.എസ്.ഡി.4-705/12തിയതി.06-05-13 | |
| 2011-2012 | എൽ.എഫ്.കെ.എസ്.ഡി.6-475/12തിയതി.04-02-14 | 13 |
| 2012-13, 2013-14 | എൽ.എഫ്.കെ.എസ്.ഡി.7-31/15തിയതി.11-06-15 | 24 |
| 2014-15 | എൽ.എഫ്.കെ.എസ്.ഡി.7-1014/15തിയതി.13-10-15 | 23 |
| 2015-16 | എൽ.എഫ്.കെ.എസ്.ഡി.7-1051/16തിയതി.15-10-2016 | 18 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയ്, കാസറഗോഡ്.

സീയാർ/-

# അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

നം. കെ.എസ്.എ/കെ.എസ്.ഡി .7/755/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്-671123.

E-mail: doksd.ksad@kerala.gov.in
Phone: 0499 4256690.

തീയതി.05.07.2017.

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിൻറെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കാസറഗോഡ് ജില്ലയിലെ ദേലമ്പാടി ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ദേലമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-3, ഭാഗം 2, 3 എന്നിവയിലെ വിവിധ ഖണ്ഡികകൾ എന്നിവയിലെ നിരീക്ഷണങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ദേലമ്പാടി ഗ്രാമ പഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി

ഡയറക്ടർ,

കേരള സംസ്ഥാന

ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,കാസറഗോഡ്.

No. KSA-KSD-7/755/2016.

Kerala State Audit Department,

District Audit Office, Kasaragod – 671 123.

E-mail:- doksd.ksad@kerala.gov.in

Phone: 04994-256690.

Dated:05.07.2017.

AUDIT CERTIFICATE

Certified that, I have audited the Annual Financial Statement of Delampady Grama Panchayat in Kasaragod District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Delampady Grama Panchayat for the year 2016-17 properly presents the picture of income and expenditure, except the observations pointed out in para 1-3 and the paragraphs in part 2 & 3 of the audit report of Delampady Grama Panchayat for the year 2016-17.

Deputy Director,

Kerala State Audit Department,

District Audit Office, Kasaragod.